**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും മുടങ്ങുന്ന സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര മാസത്തെ ശമ്പളവും പെൻഷനുമാണ് മുടങ്ങിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | കോവിഡ് മഹാമാരിമൂലം രാജ്യത്തെ പൊതു ഗതാഗത മേഖല ആകമാനം പ്രതിസന്ധി യിൽ ആയിരിക്കുകയാണ്. 2021 ജൂൺ മാസം വരെയുള്ള ശമ്പളം പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. 2021 ജൂൺ മാസം വരെയുള്ള പെൻഷൻ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ പെൻഷൻ വിതരണത്തിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് ഏത് വർഷമാണെന്ന് പറയാമോ; | (ബി) | 01-03-2011 മുതൽ പ്രാബല്യത്തിലാണ് ശമ്പളവും പെൻഷനും അവസാനമായി പരിഷ്കരിച്ചത്. |
| (സി) | മറ്റു മേഖലകളിലെല്ലാം കൃത്യമായ ഇടവേളകളിൽ ശമ്പളവും പെൻഷനും പരിഷ്കരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരെ മാത്രം ശമ്പളപരിഷ്കരണ പരിധിയിൽ ഉൾപ്പെടുത്താത്തതിന് കാരണമെന്താണെന്ന് അറിയിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കര ണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടന്നുവരിക യാണ്. ആയതിന്റെ തുടർച്ചയായി 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500/- രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻകാർ ക്കും 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി അനുവദിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ കരാറിനൊപ്പം സേവന വ്യവസ്ഥ സംബന്ധിച്ചും ഒരു ദീർഘകാല കരാർ ഒപ്പിടേണ്ടതുണ്ട്. ആയത് ചർച്ച ചെയ്ത് ഒപ്പിടാൻ സംഘടനകൾ തയ്യാറാകുന്നപക്ഷം സർക്കാർ അംഗീകാര ത്തോടെ കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി, ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ നടപടിക്രമ ങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടു കൊണ്ട് ശമ്പള പരിഷ്കരണം താമസം |

| | | | |
|---|---|---|---|
| | | | വിനാനടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടന്നുവരിക യാണ്. ആയതിന്റെ തുടർച്ചയായി 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500/- രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻക്കാർ ക്കും 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി അനുവദിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ കരാറിനൊപ്പം സേവന വ്യവസ്ഥ സംബന്ധിച്ചും ഒരു ദീർഘകാല കരാർ ഒപ്പിടേണ്ടതുണ്ട്. ആയത് ചർച്ച ചെയ്ത് ഒപ്പിടാൻ സംഘടനകൾ തയ്യാറാകുന്നപക്ഷം സർക്കാർ അംഗീകാര ത്തോടെ കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി, ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ നടപടിക്രമ ങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടു കൊണ്ട് ശമ്പള പരിഷ്കരണം താമസം വിനാനടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ